**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3379** **25-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ തുറമുഖത്ത് ഏറ്റവുമൊടുവിൽ ചരക്ക കപ്പൽ എത്തിയത് ഏതു വർഷമാണെന്നും കപ്പൽ അവസാനമായി നങ്കൂരമിട്ടത് ഏത് വർഷമാണെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | രേഖകൾ പ്രകാരം 1989-ൽ ആണ് ആലപ്പുഴ തുറമുഖത്ത് ചരക്ക കപ്പൽ അവസാനമായി നങ്കൂരമിട്ടത്. |
| (ബി) | ചെലവു കുറഞ്ഞ ചരക്ക നീക്കത്തിന് ഉതകുംവിധം ആലപ്പുഴ തുറമുഖം പുന:രുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലവിൽ ആലപ്പുഴ തുറമുഖത്ത്, ചരക്ക് ഗതാഗതത്തിനുള്ള സാദ്ധ്യതകൾ ഇല്ലാത്തതിനാൽ ആലപ്പുഴ തുറമുഖം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല. |
| (സി) | ആലപ്പുഴ നഗരത്തിന്റെ പ്രധാന ആകർഷണമായ തുറമുഖത്തോടൊപ്പം നിർമ്മിച്ച കടൽപ്പാലം അറ്റകുറ്റപ്പണി നടത്തി പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കടൽപ്പാലം പൈതൃകം നിലനിർത്തുന്ന രീതിയിൽ പുന:സ്ഥാപിക്കാൻ കഴിയാത്ത വിധം നശിച്ച പോയിട്ടുള്ളതിനാൽ അറ്റകുറ്റപ്പണി നടത്തി പുതുക്കുന്നതിന് സാധിക്കുകയില്ല. എന്നാൽ മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം ആവശ്യത്തിനായി 350 മീറ്റർ നീളത്തിൽ സമാന്തരമായി പുതിയ ഒരു പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ